KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്

e¡wþ2 ]þkXIwþ3 G{]nÂþ 2009 Web: www.syrianchurch.org/Kolo Suriyoyo

# ജെ. എസ്. വി. ബി. എസ്. സമാപിച്ചു




ജെ. എസ്. വി. ബി. എസ്. സമാപന റാലി മണർകാട് കവലയിൽ എത്തിച്ചേർന്നപ്പോൾ

മണർകാട്: വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള ജെ. എസ്. വി.ബി.എസ്. ഏപ്രിൽ 13–ാം തീയതി ആരംഭിച്ചു, 25–ാം തീയതി വർണ്ണശബളമായ റാലിയോടുകൂടി സമാപിച്ചു. മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ കുട്ടികൾ വി. ബി. എസ്.–ൽ സംബന്ധിച്ചു.

സമാപനത്തിനോടനുബന്ധിച്ച് പള്ളി അങ്കണത്തിൽ നിന്നും ആരംഭിച്ച കുട്ടികളുടെ റാലി കണിയാംകുന്ന്, മണർകാട് കവല എന്നിവിടങ്ങളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി പള്ളിയിൽ തിരിച്ചെത്തി. വിദ്യാർത്ഥികൾ അവതരിപ്പിച്ച നിശ്ചലദൃശ്യങ്ങളും, കലാപരിപാടികളും റാലിക്ക് കൊഴുപ്പേകി. തുടർന്നു നടന്ന സമ്മേളനത്തിൽ സമ്മാനാർഹരായ കുട്ടികൾക്കും അദ്ധ്യാപകർക്കും വിവിധ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച ക്ലാസ്സുകൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രത്യേക സമ്മാനങ്ങളും ഏർപ്പെടുത്തിയിരുന്നു.

സമാപന സമ്മേളനം ഉദ്ഘാടനം വികാരി വന്ദ്യ ദിവ്യശ്രീ ഇ. ടി. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പ നിർവ്വഹിച്ചു. റവ. ഫാ. കുറിയാക്കോസ് കാലായിൽ, റവ. ഫാ. ബാബു വടക്കേപ്പറമ്പിൽ, റവ. ഫാ. ആൻഡ്രൂസ് ചിരവത്തറ, റ്റി. കെ. സാബു, സണ്ടേസ്കൂൾ പ്രതിനിധി പി. എസ്. മാത്യു, റവ. ഫാ. വിജി എടാട്ട് തുടങ്ങിയവർ സംസാരിച്ചു.

പള്ളിയുടെ വിവിധ കരകളിലേക്ക് വാഹനസൗകര്യം ഏർപ്പെടുത്തിയതിനാൽ കൂടുതൽ അദ്ധ്യാപകർക്കും കുട്ടികൾക്കും വി.ബി.എസിൽ സംബന്ധിക്കുവാൻ സാധിച്ചു.

1100 കുട്ടികളും 75 അദ്ധ്യാപകരുമായി മലങ്കരയിലെ ഏറ്റവും വലിയ വി. ബി. എസ്. ആണ് ഇത്. മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ശക്തമായ പിൻബലത്തിലാണ് വി.ബി. എസ്. ഇത്ര ഭംഗിയായി നടത്തുവാൻ സാധിക്കുന്നത്. എല്ലാ ദിവസവും രാവിലെ ധ്യാനത്തിന് ബഹുമാനപ്പെട്ട വൈദീകരും, പ്രഗത്ഭരായ പ്രസംഗകരും നേതൃത്വം നൽകി.



## അഭിവന്ദ്യ കുറിയോക്കോസ് മോർ ക്ലീമീസ് തിരുമേനിയുമായി യൂത്ത് അസോസിയേഷൻ പ്രവർത്തകർ നടത്തിയ അഭിമുഖം

- ***സഭയിൽ പരമ്പരാഗതമായി പിതാക്കന്മാർ ഉപയോഗിച്ചിരുന്ന പ്രാർത്ഥനകളെക്കാൾ കൂടുതലായി ഇപ്പോൾ സ്വന്തമായി ഉണ്ടാക്കിയ പ്രാർത്ഥനകൾ ഇന്ന് വ്യാപകമായി ആളുകൾ ചൊല്ലുന്നു. ഇത് അപകടകരമല്ലേ? തിരുമേനിയുടെ അഭിപ്രായം എന്താണ്?***

ഏത് മനുഷ്യനും സ്വന്തമായി പ്രാർത്ഥിക്കുന്നതിന് തടസ്സമില്ല. രഹസ്യ പ്രാർത്ഥനകൾ സഭയിൽ തന്നെ ഉള്ളതാണ്. പ്രാർത്ഥനയെന്നാൽ ദൈവവുമായുള്ള സംസാരമാണ്. എന്നാൽ സഭയിൽ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകളെക്കാൾ ഉന്നതമായ പ്രാർത്ഥനകളില്ല. നമ്മൾ ഉപയോഗിച്ചു പോരുന്ന എഴുതപ്പെട്ട പ്രാർത്ഥനകൾ പരിശുദ്ധാത്മാവിനാൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള തിരുവചനങ്ങൾ തന്നെയാണ്. അതിൽ എല്ലാക്കാര്യങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്. അതിനാൽ യാമപ്രാർത്ഥനകൾ നടത്തിയതിനുശേഷം സ്വയമായി ഉണ്ടാക്കുന്ന പ്രാർത്ഥനകൾ പ്രാർത്ഥിക്കാവുന്നതാണ്. എന്നാൽ സഭയിലെ പ്രാർത്ഥനകൾ ചൊല്ലാതെ സ്വയം ഉണ്ടാക്കി ചൊല്ലുന്നത് നല്ലതല്ല. സഭയിൽ സ്തുതിപ്പില്ലായെന്ന് പറയുന്നവർ മാബൂഗിന്റെ മോർ ഫീലക്സീനോസ് ബാവായുടെ രഹസ്യ പ്രാർത്ഥന വായിച്ചു നോക്കട്ടെ.

- ***സ്വയം പ്രാർത്ഥനകളിൽ പലപ്പോഴും ദൈവത്തിന് കാര്യമായ ബഹുമാനം***

(ശേഷം പേജ് 4–ൽ)

## ഏപ്രിൽ മാസത്തിൽ ഓർമിക്കാൻ

1. മൗദ്യാനന്മാരുടെ ഓർമ്മ
12. ഈസ്റ്റർ
14. ശിമവോൻ കാതോലിക്കയും അദ്ദേഹത്തോടൊപ്പം വധിക്കപ്പെട്ട 100 എപ്പിസ്ക്കോപ്പന്മാരും കശ്ശീശന്മാരും
15. 1000 സഹദേന്മാർ ബർത്തിലിയായിലെ 6 സഹദേന്മാർ
22. അന്ത്യോഖ്യയുടെ മാർ പത്രോസ് തൃതീയൻ
23. വി. ഗീവർഗീസ് സഹദാ ഓർമ്മ
    പെരുമ്പള്ളി സിംഹാസനപള്ളി
25. ഏവൻഗേലിസ്ഥനായ മാർ മസ്ബോനോയുടെ ഓർമ്മ
26. ഹോംസിലെ മാർ ബസേലിയോസ്
27 മാർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ (വടക്കൻ പറവൂർ)
28 70 അറിയിപ്പുകാരുടെ തലവനായ മാർ ആദായി ശ്ലീഹ

# ഈസ്റ്റർ മുട്ട നല്കി

മണർകാട്: വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ വി. മർത്തമറിയം യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ മുൻവർഷത്തെപ്പോലെ ഈസ്റ്റർ ദിനത്തിൽ വിശ്വാസികൾക്കായി ഈസ്റ്റർ മുട്ട നല്കി. ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് മോർ ക്ലീമീസ് മെത്രാപ്പോലീത്ത ഈസ്റ്റർ ദിനത്തിൽ കുർബ്ബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അഭി. തിരുമനസ്സുകൊണ്ട് യൂത്ത് അസ്സോസിയേഷൻ അംഗങ്ങളെ അനുമോദിക്കുകയും നല്ല പ്രവർത്തനങ്ങൾ നടത്തുവാൻ ദൈവം സഹായിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

# ആശ്രയയുടെ കൂദാശ മെയ് 1 ന്

യാക്കോബായ സഭയുടെ കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം മെഡിക്കൽ കോളജിന് സമീപം പ്രവർത്തിച്ചുവരുന്ന ആശ്രയ കൗൺസലിംഗ് & ഗൈഡൻസ് സെന്ററിന്റെ കൂദാശ മെയ് മാസം 1–ാം തീയതി രാവിലെ 8.00 മണിക്ക് അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. തുടർന്ന് ചാപ്പലിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതാണ്.

**ആശ്രയയുടെ ലക്ഷ്യങ്ങൾ:**

- അനാഥരായ രോഗികളെ സ്വീകരിച്ച് സംരക്ഷിക്കുക. അവരെ ശുശ്രൂഷിക്കുന്നതിന് പ്രേഷിത പ്രവർത്തകരുടെ സഹായം ലഭ്യമാക്കുക.
- സമൂഹത്തിൽനിന്ന് അകറ്റി നിർത്തിയിരിക്കുന്ന എയ്ഡ്സ് രോഗികൾക്ക് ചികിത്സാ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, അവരെ പുനരധിവസിപ്പിക്കുക.
- മാനസിക രോഗികളെ ചികിത്സിപ്പിക്കുകയും, അവരെ സംരക്ഷിക്കുകയും ചെയ്യുക.
- ക്യാൻസർ രോഗത്താൽ വേദന അനുഭവിക്കുന്ന രോഗികൾക്കുവേണ്ടി പാലിയേറ്റീവ് കെയർ സെന്റർ ഒരുക്കുക.
- ലഹരി ചികിത്സാ കേന്ദ്രം (De-addiction Centre) ആരംഭിക്കുക.
- ഗ്രാമങ്ങൾതോറും സന്ദർശനം നടത്തി പ്രശ്നങ്ങൾ പഠിക്കുകയും അവർക്കാവശ്യമായ സഹായമെത്തിക്കുകയും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുക.

**ആശ്രയയുടെ പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് എങ്ങനെ പങ്കുചേരാം?**

- ആശ്രയയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.
- സാമ്പത്തികമായി സഹായിക്കുക.
- രോഗികൾക്ക് ഭക്ഷണത്തിനും മരുന്നിനും മറ്റുമായി വരുന്ന ചിലവുകൾ ഒരു ദിവസത്തേയ്ക്കോ, നിശ്ചിത കാലയളവിലേയ്ക്കോ സ്പോൺസർ ചെയ്യുക.
- ആശ്രയയിൽ കടന്നുവന്ന് പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.
- ജന്മദിനം, വിവാഹം തുടങ്ങിയ നിങ്ങളുടെ ജീവിതത്തിലെ അനുഗ്രഹത്തിന്റെ അവസരങ്ങൾ ആശ്രയയുമായി പങ്കുവയ്ക്കുക.
- നിങ്ങൾക്ക് ഉപയോഗമില്ലാത്തതും മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നതുമായ വസ്ത്രങ്ങൾ ആശ്രയയിൽ ഏൽപ്പിക്കുക.
- ആശ്രയ സ്വന്തമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ ചിലവിലേയ്ക്ക് സാധിക്കുന്ന വിധത്തിൽ സംഭാവനകൾ നൽകുക.
- നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടിയോ, കുടുംബത്തിന്റെ പേരിലോ ആശ്രയയിൽ മുറികൾ സ്പോൺസർ ചെയ്യുക. നിങ്ങളുടെ പേര്/ നിങ്ങൾ നിർദ്ദേശിക്കുന്നവരുടെ പേര് ആലേഖനം ചെയ്യുന്നതാണ്.
- നിങ്ങളുടെ മാസവരുമാനത്തിന്റെ ഒരു വിഹിതം പാവപ്പെട്ട രോഗികൾക്ക് ഭക്ഷണം നൽകുന്നതിനായി മാറ്റിവയ്ക്കുക.

# വി. പൗരോഹിത്യം

1. **പട്ടക്കാർ അഥവാ പുരോഹിതന്മാർ ആരാകുന്നു?**

എ) പട്ടക്കാർ ഭൗമികരെ സ്വർഗ്ഗീയരും, മൃഗസ്വഭാവികളെ ദൈവീക സ്വഭാവികളും ആക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും 2) അദൃശ്യനായ ദൈവത്തിന്റെ സ്ഥാനപതികളും (2 കോരി. 5:20, 3) തന്റെ സഭക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദിവ്യകൂദാശകളെ ശുശ്രൂഷിക്കുന്നവരും (അ. പ്ര. 6:4) 4) സ്വമേധയാ തനിക്കായിത്തന്നെ ഈ സ്ഥാനം പ്രാപിക്കാൻ കഴിവില്ലാത്തവരും (എബ്രാ. 5:4) 5) ദൈവ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെട്ട്, മിശിഹായിൽ നിന്നുള്ള കൈവെപ്പു പ്രാപിച്ചവരും (1 തീമോ. 4:10), യോ. 20: 22–23, അ. പ്ര. 12:2–3, 2 തീമോ 2:2 തീത്തോസ് 1:5(മതസംഗതി) ആകുന്നു.

ബി) പുരോഹിതൻ എന്ന വാക്ക് ആദ്യമായിക്കാണുന്നത് ഉല്പ. 14:18–20–ൽ മൽക്കീസദേക്കിനാണ്. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ. അദ്ദേഹത്തിന്റെ ജോലി: 1) അപ്പവും വീഞ്ഞും വെച്ചു ബലി അർപ്പിച്ചു. 2) അബ്രഹാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ എന്ന് ദൈവത്തിന്റെ പ്രതിപുരുഷനായി അബ്രഹാമിനോടും, ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ എന്ന് അബ്രഹാമിന്റെ പ്രതിപുരുഷനായി ദൈവസന്നിധിയിലും മദ്ധ്യസ്ഥത നടത്തി.

2–ാമതായി ഇസ്രയേൽ പുരോഹിതന്മാർ, എനിക്കു പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതിന് (പുറ. 28:1). അവർ ദൈവത്തിന്റെ പുരോഹിതന്മാരായി വേർതിരിക്കപ്പെട്ടവരും ദൈവത്തിനും ആരാധകനും ഇടയിൽ ശുശ്രൂഷ നടത്തുന്നവരും ആയിരുന്നു. ആരാധകന്റെ ബലിയെ ദൈവസന്നിധിയിൽ അർപ്പിക്കുകയും ദൈവത്തിന്റെ സ്ഥാനപതി ആയിട്ടുനിന്ന് ആരാധകനെ അനുഗ്രഹിക്കുകയും ചെയ്തു വന്നിരുന്നു. 3–ാമതായി: ക്രിസ്തീയ പുരോഹിതന്മാർ 2 കോരി 5:20–ൽ കാണുന്നതുപോലെ ദൈവസന്നിധിയിൽ വിശ്വാസികളുടെ മദ്ധ്യസ്ഥന്മാരും ക്രിസ്തുവിനുവേണ്ടി സ്ഥാനപതികളും ആകുന്നു. ആകയാൽ പുരോഹിതൻ ദൈവത്തിനും ആരാധകനുമിടയിൽ സംയോജിപ്പിന്റെ ശുശ്രൂഷ നടത്തുവാൻ വേർതിരിക്കപ്പെട്ടവനാകുന്നു.

**2) പൗരോഹിത്യം പഴയ നിയമത്തിൽ**

ലേവ്യ പൗരോഹിത്യം. പുറ: 19:6, ലേവി ഗോത്രത്തിന് പ്രത്യേകമായി അതു നൽകുകയും അവരിൽനിന്നു പുരോഹിതന്മാരെ അഭിഷേകം ചെയ്തു നിശ്ചയിക്കുകയും ചെയ്തിരുന്നു. അവരിൽ 3 വിഭാഗങ്ങൾ 1) മഹാപുരോഹിതൻ. 2) പുരോഹിതന്മാർ 3) ആരാധനക്കാർ അഥവാ പൗരോഹിത്യ വർഗ്ഗം.

1) മഹാപുരോഹിതൻ: ഒരു സമയത്ത് ഒരാൾ മാത്രം–ഉദാ. അഹറോൻ (പുറ: 28:1–ലേവ്യ. 8) പാപബലിയും സുഗന്ധവാസന ബലിയും അർപ്പിക്കുക(ലേവ്യ. 16, എബ്രാ. 9) എന്നിവയായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ജോലി. ഈ ബലി സാർവ്വത്രികമായ ബലി ആകയാൽ മറ്റാർക്കും ഈ ശുശ്രൂഷ നടത്തുവാൻ അധികാരമില്ലായിരുന്നു. ഈ സാർവ്വത്രിക ബലി ക്രിസ്തുവിന്റെ സാർവ്വത്രിക ബലിക്ക് നിഴലായിരുന്നു. (എബ്രാ–ലേഖനം). ക്രമത്തിൽ മൽക്കിസദേക്ക് എന്നപോലെ ശുശ്രൂഷയിൽ അഹറോൻ ക്രിസ്തുവിനു നിഴലായിരുന്നു.

2) പുരോഹിതന്മാർ ഒന്നോ അധികമോ വ്യക്തികൾക്കുവേണ്ടി വ്യക്തിപരമായ ബലി ശുശ്രൂഷകൾ നടത്തിവന്നിരുന്നു. (ലേവ്യ. 1–7). അവർ ഇതിന്നായി വേർതിരിക്കപ്പെട്ട് അഭിഷേകം ചെയ്യപ്പെട്ടിരുന്നു. ഇവരും സാർവ്വത്രിക ബലിയാൽ മഹാപുരോഹിതൻ ചെയ്തിരുന്നതുപോലെ വ്യക്തിപരമായ ബലികളാൽ പാപിക്കുവേണ്ടി പാപബലിയും, പാപരഹിതനുവേണ്ടി സുഗന്ധവാസന ബലിയും അർപ്പിച്ചുവന്നു. എന്നാൽ ഇവർക്ക് മഹാപുരോഹിതനെപ്പോലെ അതിവിശുദ്ധ സ്ഥലത്ത് കൃപാസനത്തിങ്കൽ ബലിശുശ്രൂഷ നടത്തുവാൻ അധികാരമില്ലായിരുന്നുവെങ്കിലും സഭയിൻ കൂടാരത്തിൽ ശേഷം ഭാഗത്തുവെച്ചു നടത്താമായിരുന്നു. ഇവർ ശുദ്ധാശുദ്ധങ്ങളേയും രോഗബാധിതരേയും വേർതിരിക്കുകയും–കൂട്ടിച്ചേർക്കുകയും ചെയ്തിരുന്നു. (സംഖ്യ: 13:3, 6:8, 37:15:2, 11, 15) ഈ പുരോഹിതന്മാർ, ഇടയന്മാരും ആയിരുന്നു. (യിര. 11:15–17, 31:10–14, മലാഖി: 2:1–8).

3) പൗരോഹിത്യവർഗം. ഇവർക്കു ബലികൊണ്ടുള്ള ശുശ്രൂഷ നടത്തുവാൻ അധികാരമില്ലായിരുന്നു. അവർ സഭയിൽ കൂടാരത്തിലെ ഉപകരണങ്ങൾ വഹിക്കുന്നവരും കൂടാരത്തിനു ചുറ്റും താമസിക്കുന്നവരും മഹാപുരോഹിതന്റെയും പുരോഹിതന്മാരുടെയും കാര്യം നോക്കുന്നവരും (സംഖ്യാ 3:7–9) ആയിരുന്നു.

**3) പൗരോഹിത്യം–പുതിയ നിയമത്തിൽ**

ആചാര്യത്വമെന്നാൽ ദൈവിക ശുശ്രൂഷയും, ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള മദ്ധ്യസ്ഥനുമാകുന്നു. മനുഷ്യരക്ഷയ്ക്കും അവരുടെ പാപങ്ങളുടെ മോചനത്തിനും ദൈവവുമായുള്ള അവരുടെ യോജിപ്പിനുമായി ആചാര്യത്വം ദൈവത്താൽ സ്ഥാപിതമായി. അവർ ഇടയന്മാരും, ആത്മീക പിതാക്കളുമായിത്തീരുവാൻ കർത്താവു തന്റെ സഭയിൽ ആചാര്യന്മാരെ നിയമിച്ചു.

*(ശേഷം അടുത്തലക്കത്തിൽ)*

# മഹാപരിശുദ്ധനായ അബ്ദുൾ ജലീൽ മോർ ഗ്രിഗോറിയോസ് ബാവ

**ഷിജു പി. വർഗീസ്, പെരുമാനൂർ**

എ. ഡി. 15, 16 നൂറ്റാണ്ടുകൾ പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം നടുക്കടലിൽ ചുക്കാനില്ലാതെ അലയുന്ന കപ്പലിനുതുല്യമായിരുന്നു. പരിശുദ്ധ സഭാമക്കൾക്കും അക്കാലത്ത് വിവിധ പീഡനങ്ങളും യാതനകളും ഏൽക്കേണ്ടി വന്നിട്ടുണ്ട് എന്ന ചരിത്രസത്യം ഒരിക്കലും വിസ്മരിക്കാനാവുന്നതല്ല.

സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ പര്യാപ്തമായ ഒരു നേതൃത്വത്തിന്റെ ആവശ്യകത മനസ്സിലാക്കിയ മലങ്കരസഭാമക്കൾ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ ഭാഗ്യമോടെ വാണിരുന്ന പരിശുദ്ധ പിതാക്കൻമാരോട് നിരന്തരമായി നടത്തിയ അപേക്ഷയുടെ ഫലമായി അന്ത്യോഖ്യായിലെ പരിശുദ്ധ പത്രോസിനടുത്ത ശ്ലൈഹിക സിംഹാസനത്തിൽ ഭാഗ്യമോടെ വാണിരുന്ന പരിശുദ്ധ പിതാവായ ഇഗ്നാത്തിയോസ് 23–ാമൻ പാത്രിയാർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് യറുശലേമിന്റെ പത്രിയർക്കീസായി ഭാഗ്യമോടെ വാണിരുന്ന (5–ാം പാത്രിയാർക്കീസ്) അബ്ദുൾ ജലിൽ മോർ ഗ്രിഗോറിയോസ് ബാവായെ പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള ശ്ലൈഹിക കൽപ്പനയും നൽകി എ.ഡി. 1665 ൽ മലങ്കരയിലേയ്ക്ക് അയച്ചു.

പരിശുദ്ധ ഗ്രീഗോറിയോസ് ബാവ മൂസൽ പട്ടണത്തിൽ ഭൂജാതനായി. 1654–ൽ തീമോത്തേവോസ് എന്ന പേരിൽ ഓമീദിന്റെ മെത്രാപ്പോലിത്തയായി അന്ത്യോഖ്യായുടെ മോറാൻ മോർ ശെമഓൻ ഇഗ്നാത്യോസ് ബാവായാൽ വാഴിക്കപ്പെട്ടു. പരിശുദ്ധബാവാ 10 വർഷക്കാലം അമീദ് (ഡയാർബക്കർ) പട്ടണത്തിന്റെയും അയൽപ്രദേശങ്ങളുടെയും മെത്രാപ്പോലിത്തായായിരുന്നു. ഏകദേശം ഒരു വർഷക്കാലം പരിശുദ്ധബാവ യറുശലേമിന്റെ പാത്രിയാർക്കീസ് (അഞ്ചാം പാത്രിയാർക്കീസ്) ആയിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയാർക്കീസിന്റെ കീഴിലുള്ള യറുശലേം മെത്രാപ്പോലീത്തയ്ക്ക് അഞ്ചാമത്തെ പാത്രിയർക്കീസ് എന്ന ബഹുമാന സൂചകമായി ഒരു സ്ഥാനപ്പേരുള്ളതിനാലാണ് മോർ ഗ്രിഗോറിയോസിനെ യറുശലേം പാത്രിയാർക്കീസ് എന്നു വിളിക്കുന്നത്.

അക്കാലത്തെ യാത്രാ ക്ലേശങ്ങളെല്ലാം അവഗണിച്ച് പരിശുദ്ധ ബാവ പൊന്നാനി തുറമുഖത്ത് എത്തിച്ചേർന്നു. പരിശുദ്ധ ബാവായെ മലങ്കരയിലെ നല്ലവരായ യാക്കോബായ സുറിയാനിക്കാർ അതിരറ്റ സ്നേഹത്തോടെ സ്വീകരിച്ചു.

പരിശുദ്ധ ബാവ– മലങ്കരയിൽ (കേരളത്തിൽ) വന്നശേഷം സുറിയാനി വിശ്വാസ മര്യാദകൾ പുനർജ്ജീവിപ്പിക്കുന്നതിനും ഭിന്നിച്ചു നിൽക്കുന്ന ഇരുകക്ഷികളെയും യോജിപ്പിക്കുന്നതിനും ആയി വളരെ ക്ലേശങ്ങൾ സഹിച്ചു. ബാവ പല പള്ളികളിലും പ്രസ്തുത ഉദ്ദേശ്യത്തിനായി സഞ്ചരിച്ചു. പലരേയും സുറിയാനി ഭാഷ അഭ്യസിപ്പിക്കുകയും സുറിയാനി മര്യാദകൾ വീണ്ടും നടപ്പിലാക്കുകയും ചെയ്തു. ബാവാ ഉപദേശിച്ചു പ്രധാന സംഗതികളെ പാദാലി എന്ന ഗ്രന്ഥകാരൻ ഇപ്രകാരം വിവരിക്കുന്നു.

1) നെസ്തോർ വേദവിപരീതിയാണ്.

2) വൈദിക മേലധികാരം അന്ത്യോഖ്യാസഭയ്ക്കാണ്.

3) ക്രിസ്തുവിൽ ഏകസ്വഭാവമേയുള്ളൂ.

4) പരിശുദ്ധാത്മാവ് പിതാവിൽ നിന്നു മാത്രം പുറപ്പെടുന്നു.

5) ബെസ്പുർഖാനാ എന്നൊന്നില്ല

6) കുർബ്ബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കണം.

7) കുർബ്ബാനയ്ക്ക് കാപ്പാ മുതലായവ ഉപയോഗിക്കണം

പരിശുദ്ധ പിതാവ് തോമാ അർക്കദിയാക്കോനെ 1665 ജൂലൈ 1–ാം തീയതി കൈവയ്പ്പ് നൽകി ഒന്നാം മാർത്തോമയായി വാഴിച്ചു. അതുവഴി ഇടക്കാലത്ത് മുറിഞ്ഞുപോയ അന്തോഖ്യാ മലങ്കര ബന്ധം പുനഃസ്ഥാപിക്കുകയും സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസം അരക്കിട്ടുറപ്പിക്കുകയും ചെയ്തു. അന്ന് മലങ്കരയിലുണ്ടായിരുന്ന 69 പള്ളികളിൽ 49 പള്ളികളുടെയും ഭരണം മർത്തോമ ഒന്നാമനുമായി സഹകരിച്ച് നടത്തുകയും ഏകദേശം രണ്ട് നൂറ്റാണ്ടുകൾ കൂദാശകളോ ക്രമങ്ങളോ ഇല്ലാതിരുന്നിടത്ത് എല്ലാം കാനോനികമായി യാക്കോബായ വിശ്വാസരീതിയിൽ ഹൃദിസ്ഥമാക്കിക്കൊടുക്കുകയും ചെയ്തു. പരിശുദ്ധ ബാവായും മാർത്തോമാ ഒന്നാമനും ചേർന്ന് മർത്തോമ്മാ രണ്ടാമനെ വാഴിച്ചു.

മലങ്കരയുടെ യാക്കോബ് ബുർദ്ദാന എന്നറിയപ്പെട്ടിരുന്ന പരിശുദ്ധ ബാവ എഡി. 1681 ഏപ്രിൽ 27– ന് (കൊല്ലവർഷം 857 മേടമാസം 14) വെള്ളിയാഴ്ച ഭാഗ്യമരണം വരിക്കുകയും വടക്കൻ പറവൂർ പള്ളിയിൽ (സെന്റ് തോമസ് ചർച്ച്) കബറടക്കുകയും ചെയ്തു.

മഹാപരിശുദ്ധനായ ഈ പിതാവിന് തന്റെ ആസന്നമായ മരണത്തെക്കുറിച്ച് മുൻകൂട്ടി അറിയുവാൻ സാധിക്കുകയും മരണസമയം മുൻകൂട്ടി കൽപിക്കുകയും ചെയ്തു. ഈ പുണ്യപിതാവ് അംശവസ്ത്രങ്ങളെല്ലാം ധരിച്ച് അനേകം വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ മുൻകൂട്ടി പ്രഖ്യാപിച്ച സമയത്തുതന്നെ പള്ളിയകത്ത് കാലം ചെയ്യുകയും ചെയ്തു. ഈ സമയത്ത് പള്ളിമണി തനിയെ മുഴങ്ങുകയും പള്ളിയകത്തും പുറത്തും കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം പരക്കുകയും ചെയ്തു എന്നുള്ളത് ചരിത്രപ്രസിദ്ധമാണ്.

പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്യോസ് സഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് പരിശുദ്ധ അബ്ദുൾ ജലീൽമോർ ഗ്രീഗോറിയോസ് ബാവായെ 2000–ാം ആണ്ട് ഏപ്രിൽ മാസം 7–ാം തീയതി വിശുദ്ധനായി പ്രഖ്യാപിച്ചു.

## വടക്കൻപറവൂർ പള്ളിയിൽ പ. അബ്ദുൾ ജലീൽ ബാവായുടെ പെരുന്നാൾ

വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മഹാപരിശുദ്ധനായ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ 328–ാം ശ്രാദ്ധപ്പെരുന്നാൾ ഏപ്രിൽ 26, 27 തീയതികളിൽ നടത്തപ്പെടുന്നു. 26–ന് രാവിലെ 8.30–ന് അഭി. മാത്യൂസ് മോർ തേവോദോസിയോസ് വി. കുർബ്ബാന അർപ്പിക്കും. 27–ന് 9 മണിക്ക് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന നടത്തുന്നു.

# മണർകാട് പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ

മണർകാട്: ആണ്ടുതോറും നടത്തിവരാറുള്ള വി. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ഈ വർഷവും മെയ് 5, 6 തീയതികളിൽ നടത്തപ്പെടുന്നു. പെരുന്നാളിനോടനുബന്ധിച്ച് 5–ാം തീയതി വൈകിട്ട് റാസ, കരിമരുന്നു പ്രയോഗം, മാർഗ്ഗംകളി എന്നിവ ഉണ്ടായിരിക്കുന്നതാണ്. പെരുന്നാൾ ദിവസം രാവിലെ 9 മണിക്ക് അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത കുർബ്ബാന അർപ്പിക്കുന്നു. ഉച്ചയ്ക്ക് 2 മണിക്ക് റാസാ തുടർന്ന് നേർച്ച വിളമ്പ് എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

# പുതുപ്പള്ളി പള്ളി പെരുന്നാൾ

കോട്ടയം: വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള പുതുപ്പള്ളി പാത്രിയർക്കാ പള്ളിയിൽ മെയ് 9, 10 തീയതികളിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നു. ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായും സഭയിലെ മറ്റ് മെത്രാപ്പോലീത്തമാരും പങ്കെടുക്കുന്നു. പെരുന്നാളിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തനമാരംഭിച്ചു.

# പങ്ങട പെരുന്നാൾ

കൊല്ലം, നിരണം, തുമ്പമൺ, കുവൈറ്റ് ഭദ്രാസനങ്ങളുടെ അധിപനായിരുന്ന കാലംചെയ്ത അഭി. മർക്കോസ് മോർ കൂറിലോസ് തിരുമേനിയുടെ 4–ാമത് ഓർമ്മ പെരുനാളിന് ഒരുക്കങ്ങൾ ആരംഭിച്ചു. മെയ് മാസം 25–29 തീയതികളിൽ അഭി. തിരുമേനി കബറടങ്ങിയിട്ടുള്ള പങ്ങട സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവയുടെ മുഖ്യ കാർമ്മികത്വത്തിലും മറ്റ് തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നതാണ്.

# ഭദ്രാസന വാർഷികം

കോട്ടയം: യാക്കോബായ സുറിയാനി സഭയുടെ കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ വാർഷികവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മീനടം സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളിയിൽ വെച്ച് ഏപ്രിൽ മാസം 26–ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തയും ബഹുമാനപ്പെട്ട വൈദീകരും പരിപാടികൾക്ക് നേതൃത്വം നൽകുന്നതാണ്.

# കാൽകഴുകൽ ശുശ്രൂഷ നടത്തി

പാമ്പാടി: യേശുക്രിസ്തു തന്റെ ശ്ലീഹന്മാരുടെ കാലുകൾ കഴുകിയതിന്റെ ഓർമ്മക്കയ്ക്കായി എല്ലാവർഷവും പെസഹാ വ്യാഴാഴ്ച നടത്തിവരാറുള്ള കാൽകഴുകൽ ശുശ്രൂഷ പാമ്പാടി വിശുദ്ധ മർത്തമറിയം സിംഹാസനപള്ളിയിൽവെച്ച് സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്തായും മഞ്ഞിനിക്കര മോർ ഇഗ്നാത്തിയോട് ദയറായുടെ തലവനുമായ അഭിവന്ദ്യ ഗീവർഗീസ് മോർ ദീവന്ന്യാസിയോസ് തിരുമനസ്സുകൊണ്ട് ഏപ്രിൽ മാസം 9–ാം തീയതി നിർവ്വഹിച്ചു. അനേക വൈദീകരും, നൂറുകണക്കിന് വിശ്വാസികളും സംബന്ധിച്ചു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് സിംഗപ്പൂർ പള്ളിയിലും ശുശ്രൂഷ നിർവ്വഹിച്ചു.

# പേന വിതരണം നടത്തി

മണർകാട്: വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടന്നുവന്ന ജെ. എസ്. വി.ബി.എസിൽ സംബന്ധിച്ച എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും യൂത്ത് അസ്സോസിയേഷൻ പേന വിതരണം ചെയ്തു. പ്രസിഡന്റ് റവ. ഫാ. കുര്യാക്കോസ് കാലായിൽ സെക്രട്ടറി ജിജോ ടി. മാത്യു തൊട്ടിയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

# ദുഖ്റോനോ



പരിശുദ്ധ മോർ ഗ്രീഗോറിയോസ്
അബ്ദുൾ ജലീൽ
വടക്കൻ പറവൂർ



മോറാൻ മോർ ഇഗ്നാത്തി
യോസ് പത്രോസ് തൃതിയൻ
കുർക്കുമ ദയറാ, ടർക്കി



മോർ ക്രിസോസ്റ്റമോസ്
മോശ സലാമ
ബ്രസീൽ

## അഭി. തിരുമേനിയുമായുള്ള അഭിമുഖം...

*പേജ് 1-ൽ നിന്നും തുടർച്ച*

***കൊടുക്കാത്ത രീതി കാണാറുണ്ട്. ഉദാഹരണമായി അത്യുന്നതനും, ഭയങ്കരനും, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും, ആദിയും അന്തവുമില്ലാത്തവനുമായ ദൈവമേ എന്ന് ഭയഭക്തിയോടെ പിതാക്കന്മാർ ദൈവത്തെ സംബോധന ചെയ്യുമ്പോൾ, സ്വയം പ്രാർത്ഥനക്കാർ വെറുതെ 'സ്വർഗ്ഗത്തിലെ അപ്പച്ചാ' എന്നൊക്കെ വിളിക്കുന്നത് കേൾക്കാം. കൂടാതെ ഇത്തരം പ്രാർത്ഥനകളിൽ വിശ്വാസപരമായ പലതെറ്റുകളും കടന്നു കൂടാറുണ്ട്. അതിനാൽ സഭയിൽനിന്നും ഇത് സംബന്ധിച്ച് ഒരു ഗൈഡൻസ് കൊടുക്കേണ്ടതല്ലേ തിരുമേനി?***

സ്വയം പ്രാർത്ഥനകൾ പ്രാർത്ഥിക്കുമ്പോൾ എന്താണ് പറയുന്നത് എന്ന് ഗ്രഹിച്ചുകൊണ്ട് പ്രാർത്ഥിക്കണം. അർത്ഥമറിയാതെയുള്ള ജൽപ്പനങ്ങളാണ് കുഴപ്പങ്ങൾ ഉണ്ടാക്കുന്നത്. പ്രാർത്ഥനകൾ തലമുറകൾ കൈമാറി വന്നതാണ്. എന്നാൽ ഇന്ന് പ്രാർത്ഥിക്കുന്ന ഭവനങ്ങൾ കുറവായതിനാൽ സഭയിൽ ഇത് കുറഞ്ഞു പോയിരിക്കുന്നു. തന്മൂലം ഉണ്ടായിരിക്കുന്നതാണ് ഇത്തരം പുതിയ പ്രതിഭാസങ്ങൾ. സഭകൾ പലപ്പോഴും യഥാർത്ഥ ലക്ഷ്യത്തിൽനിന്നും മാറിപ്പോയതുകൊണ്ടുണ്ടായ മൂല്യശോഷണം ഇതിനൊരു കാരണമാണ്. കേസ് നടത്തുന്നതിനും പള്ളികൾ സംരക്ഷിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ സഭ കഴിഞ്ഞ കാലങ്ങളിൽ ആത്മീയമായി പല കാര്യങ്ങളിലും പിന്നോട്ടു പോയി. ശരിയായ ഗൈഡൻസ് കിട്ടാതെ വന്നപ്പോൾ പല തെറ്റായ പ്രാർത്ഥനാ രീതികളും മറ്റുള്ളവരിൽനിന്നും സ്വായത്ഥമാക്കി. അർത്ഥമറിയാതെയുള്ള പ്രാർത്ഥനകൾ അങ്ങനെ വ്യാപകമായി. സഭയുടെ വിശ്വാസത്തിൽ അധിഷ്ഠിതമായി ധ്യാനങ്ങൾ സംഘടിപ്പിക്കുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിലൂടെ കുറച്ചൊക്കെ ഇതിനു പരിഹാരം കാണാവുന്നതാണ്. എന്നാൽ ധ്യാനങ്ങളിലൂടെ പല കുഴപ്പങ്ങളും ഉണ്ടാകാറുണ്ട്. വളരെ ശ്രദ്ധയോടെ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്തെങ്കിൽ മാത്രമേ സ്വയം പ്രാർത്ഥനകൾ കുറ്റമറ്റതാവുകയുള്ളൂ.

- ***വൈദീക സെമിനാരിയിൽ പ്രൊട്ടസ്റ്റന്റ് തീയോളജിയാണല്ലോ പഠിപ്പിക്കുന്നത്? സത്യവിശ്വാസത്തിൽ നിലനിൽക്കുന്ന ഈ സഭയുടെ വൈദീക സെമിനാരി പ്രൊട്ടസ്റ്റന്റുകാരുടെ സെറാമ്പൂർ യൂണിവെഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. സത്യവിശ്വാസത്തിനു പകരം പ്രൊട്ടസ്റ്റന്റ് വിശ്വാസം സെമിനാരിയിൽ പഠിപ്പിക്കുന്നതിനേക്കുറിച്ച് എന്താണ് തിരുമേനിയുടെ അഭിപ്രായം?***

അതു തീർച്ചയായും തെറ്റാണ്. പഠിക്കുക, വിശ്വസിക്കാതിരിക്കുക എന്നുള്ളതാണ്. അതേക്കുറിച്ച് പറയാനുള്ളത്. വിദ്യാലയങ്ങളിൽ വിവിധ മതങ്ങളെക്കുറിച്ച് പഠിക്കുന്നുണ്ടെങ്കിലും നാം ആ മതം സ്വീകരിക്കാതിരിക്കുന്നതുപോലെ പഠിക്കുക മാത്രം ചെയ്യുക. അതിൽ വിശ്വസിക്കാതിരിക്കുക. ഈ ദുസ്ഥിതിയിൽനിന്ന് മാറുവാൻ പല ശ്രമങ്ങളും സഭയിൽ നടത്തിയിട്ടുണ്ട്. എന്നാൽ അതൊന്നും ഫലം കണ്ടില്ല എന്നതാണ് സത്യം.

- ***തെരഞ്ഞെടുപ്പു കാലമായ ഇപ്പോൾ സഭയുടെ രാഷ്ട്രീയ നിലപാടിനെക്കുറിച്ച് തിരുമേനിക്ക് എന്താണ് പറയാനുള്ളത്?***

സഭയിൽ രാഷ്ട്രീയം ഇല്ല. നമ്മൾ ഈ രാഷ്ട്രത്തിൽ വസിക്കുമ്പോൾ അതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കുചേരുന്നു. എന്നാൽ സഭയ്ക്ക് സ്വന്തമായി രാഷ്ട്രീയ നിലപാടുകളില്ല.

- ***ഇന്നത്തെ സമൂഹത്തിൽ പ്രസംഗങ്ങൾ, ധ്യാനങ്ങൾ, പ്രാർത്ഥനയോഗങ്ങൾ, ആത്മീയ ചാനലുകൾ ഇവയെല്ലാം വളരെ പുരോഗതിയിലാണ്. എന്നാൽ സമൂഹത്തിൽ അതിന്റെ യാതൊരു മാറ്റവുമില്ല. മൂല്യശോഷണം വർദ്ധിച്ചു വരുന്നു. ഇതേക്കുറിച്ച് തിരുമേനിക്ക് എന്താണ് പറയാനുള്ളത് ?***

ഇനിയുള്ള കാലങ്ങളിൽ പാപം കൂടിക്കൂടി വരുകയേ ഉള്ളൂ. പാപം കൂടുന്നതിൽ അധികം കൃപയും വർദ്ധിച്ചു വരും. നോഹയുടെ പെട്ടകം വെള്ളത്തിന് മുകളിൽ പൊങ്ങിക്കിടക്കുകയാണ് ചെയ്തത്. വെള്ളം എത്ര ഉയർന്നാലും പെട്ടകം അതിലും ഉയർന്ന് പൊങ്ങിക്കിടക്കും. അതുപോലെ പാപം എത്രകൂടി വന്നാലും കൃപ അതിനേക്കാൾ കൂടുതലായി വർദ്ധിച്ചുവരും.

- ***അഭിവന്ദ്യ തിരുമേനിക്ക് ഇടവകയോടും യുവജനങ്ങളോടുമുള്ള സന്ദേശം എന്താണ്?***

സഭയ്ക്കുവേണ്ടി ഒരു ചുവട് വയ്ക്കുമ്പോൾ ദൈവം നൂറ് ചുവടുകൾ നമുക്ക് നേരേ വയ്ക്കും. എന്നെ മാനിക്കുന്നവനെ ഞാനും മാനിക്കും എന്നാണ് ദൈവം അരുളിച്ചെയ്തിരിക്കുന്നത്. പട്ടക്കാരും, ശുശ്രൂഷക്കാരും, അൽമായക്കാരും, ശ്രേഷ്ഠമായ ശുശ്രൂഷകൾ ദൈവത്തിന് അർപ്പിക്കുമ്പോൾ അവരുടെ തലമുറകൾ അനുഗ്രഹിക്കപ്പെടും.

യുവജനങ്ങൾ നല്ല ദൈവഭക്തിയുള്ളവരും മാതാപിതാക്കളെ അനുസരിക്കുന്നവരും സൽസ്വഭാവികളും മറ്റുള്ളവരെ സഹായിക്കുന്നവരും പഠനത്തിൽ ശ്രദ്ധിക്കുന്നവരും ഭവന കാര്യങ്ങൾ ശ്രദ്ധയുള്ളവരും ആയിരിക്കണം. സഭാ നേതൃത്വത്തിനും, ഇടവക നേതൃത്വത്തിനും ഏറെ പരിമതികളുമുണ്ട്. യുവജനങ്ങൾ അവരുടെ കൂട്ടായ്മയിൽ ദൈവീക ദർശനത്തിൽ അവസരങ്ങൾ ഉപയോഗിക്കണം. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുമ്പോൾ യുവത്വത്തിന്റെ പ്രസരിപ്പ് വർദ്ധിക്കുന്നു. ജീവിതം ഒരു അവസരമാണ്. അതിന്റെ പൂർണ്ണതയിൽ ഉപയോഗിക്കുക.

# ജന്മദിനാശംസകൾ



ഏപ്രിൽ 21-ന് 76-ാമത് ജന്മദിനം ആഘോഷിച്ച ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് സക്കാ ഐവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവായ്ക്ക് യൂത്ത് അസോസിയേഷൻ മണർകാട് യൂണിറ്റിന്റെ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ






*ജെ. എസ്. വി. ബി. എസ് സമാപന റാലിയിൽ പങ്കെടുത്ത കുട്ടികൾക്ക് യൂത്ത് അസോസിയേഷൻ പ്രവർത്തകർ ശീതളപാനീയം നൽകുന്നു*

# ജന്മദിനാശംസകൾ



**മോർ പോളികാർപ്പസ് ഗീവർഗീസ്**

**ഏപ്രിൽ 5**

പൗരസ്ത്യസുവിശേഷ സമാജം മെത്രാപ്പോലീത്ത



**മോർ നിക്കോളാസ് മത്തി അബ് ആലാഹ്**

**ഏപ്രിൽ 6**

പാത്രിയാർക്കൽ വികാർ അർജന്റീന



**മോർ സേവേറിയോസ് ജമിൽഹവാ**

**ഏപ്രിൽ 14**

ആർച്ച് ബിഷപ്പ് ഓഫ് ബാഗ്ദാദ് & ബാർസ



**മോർ ഇവാനിയോസ് മാത്യൂസ്**

**ഏപ്രിൽ 29**

കണ്ടനാട് ഭദ്രാസനം മെത്രാപ്പോലീത്ത



**മോർ മിലിത്തിയോസ് യൂഹാനോൻ**

**ഏപ്രിൽ 25**

കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്ത



**മോർ അത്താനാസിയോസ് ഏലിയാസ്**

**ഏപ്രിൽ 13**

അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി മെത്രാപ്പോലീത്ത



അഭിവന്ദ്യ കുറിയാക്കോസ് മോർ ക്ലീമീസ് തിരുമേനിക്ക് യൂത്ത് അസോസിയേഷന്റെ വക ഉപഹാരം യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ സമർപ്പിക്കുന്നു.

# വി. ഗീവർഗീസ് സഹദാ

എ. ഡി. 283–ൽ പാലസ്തീനിലെ ഹാസ എന്ന പട്ടണത്തിൽ ജാതനായ സഹദ, സ്വപിതാവിനെപ്പോലെ തന്നെ ഡയോക്ലീഷൻ ചക്രവർത്തിയുടെ സർവ്വസൈന്യാധിപനായിരുന്നുവെന്ന് കരുതപ്പെടുന്നു. ക്രിസ്ത്യാനികൾക്കെതിരായിട്ടുള്ള മതപീഡനം അതിന്റെ പാരമ്യതയിൽ എത്തിച്ചേർന്ന കാലത്ത് തന്റെ ക്രിസ്തീയ വിശ്വാസ സംരക്ഷണത്തെ പ്രതി അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ നിരവധിയാണ്. തന്നെ പീഡിപ്പിക്കുന്നവരെപ്പോലും അത്ഭുതപ്പെടുത്തത്തക്ക ശക്തി, കർത്താവ് സഹദയ്ക്ക് നൽകികൊണ്ടിരുന്നു. വിശുദ്ധന്റെ പ്രവർത്തനം മൂലം രാജപത്നിയായ അലക്സന്ത്ര്യയും പുത്രിയായ വലേറിയപോലും ക്രിസ്തുവിൽ വിശ്വസിക്കുന്നതിനിടയായി എന്ന് ചരിത്രം സൂചിപ്പിക്കുന്നു. തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി, ലിബിയയിലെ പർവ്വതത്തിന്റെ താഴ്വരയിലൂടെ സഞ്ചരിക്കുന്ന സമയത്ത് ഡ്രാഗൺ എന്നറിയപ്പെടുന്ന ഒരുഉഗ്രവിഷസർപ്പത്തിന്റെ ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന്, ആ സർപ്പത്തെ തൃപ്തിപ്പെടുത്താൻ, ആ രാജ്യത്തെ രാജാവും, ജനങ്ങളുംകൂടി സർപ്പത്തിന് ഭക്ഷണമായി ഒരുക്കി നിർത്തിയിരുന്ന രാജകുമാരിയെ, സഹദ കാണുന്നതിനിടയായി. രാജകുമാരിയിൽനിന്നും വിവരങ്ങളറിഞ്ഞ ദയാലുവായ സഹദ കുരിശുവരച്ച്, കർത്താവിനെ മനസ്സിൽ ധ്യാനിച്ച് ആ സർപ്പത്തിന്റെ വായിൽ തന്റെ കുന്തം കൊണ്ട് ആഞ്ഞുകുത്തി അതിനെകൊന്ന് ഭീകരസർപ്പത്തിൽനിന്നും രാജ്യത്തെ രക്ഷിച്ചതായ ഒരു കഥയുണ്ട്. സർപ്പത്തെ കൊന്ന കഥയറിഞ്ഞ നാടും, നഗരവും ആർത്തിരമ്പി സഹദയെ സമീപിച്ചു. വിശുദ്ധ സഹദയുടെ ഉപദേശം സ്വീകരിച്ച് രാജാവും രാജ്യവാസികളും ക്രിസ്തുയേശുവിൽ വിശ്വസിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനികളായിത്തീർന്നുവെന്നത് ചരിത്ര സത്യമാണ്.

ക്രിസ്തുമതത്തിൽപ്പെട്ടവരെ കഠിനമായി ശിക്ഷിക്കണമെന്ന ഡയോക്ലീഷൻ ചക്രവർത്തിയുടെ വിളംബരത്തിൽ പ്രതിഷേധിച്ച്, വിശുദ്ധ സഹദ രാജ്യസേവനത്തിൽനിന്നും സ്വയം വിരമിച്ചു. തന്മൂലം രാജകിങ്കരന്മാർ അദ്ദേഹത്തെ അതികഠിനവും നിഷ്ഠൂരവുമായ വിധത്തിൽ പീഡിപ്പിച്ചു. ഇതിലൊന്നും വഴങ്ങുന്നവനല്ല സഹദയെന്ന് മനസ്സിലാക്കിയ രാജകിങ്കരന്മാർ, സഹദയുടെ കാൽവെള്ളയിൽ ചുട്ടുപഴുപ്പിച്ച ആണികൾ അടിച്ചുകയറ്റുകയും ശരീരഭാഗങ്ങൾ അറുത്തുമുറിക്കുകയും ചെയ്തതിനു ശേഷം അന്ത്യശ്വാസം വലിച്ചു എന്ന് കരുതി കോട്ടയ്ക്ക് പുറത്തുള്ള കിടങ്ങിലേക്ക് അദ്ദേഹത്തെ വലിച്ചെറിഞ്ഞു. എന്നാൽ, യാതൊന്നും സംഭവിക്കാത്തവനെപ്പോലെ വിശുദ്ധ സഹദ ആ കിടങ്ങിൽനിന്നും എഴുന്നേറ്റുവന്നു. ഈ ലോകം മുഴുവൻ എനിക്ക് നൽകിയാലും ക്രിസ്തുവിന്റെ ദാസനായി ജീവിക്കുകയാണ് എനിക്കഭികാമ്യം. മരിക്കേണ്ടിവന്നാലും ക്രിസ്തുവിനെ ഞാൻ ഉപേക്ഷിക്കുകയില്ല എന്ന് പ്രഖ്യാപിച്ച വി. സഹദയുടെ, സഹനശക്തിയും ധൈര്യവും അചഞ്ചലമായ വിശ്വാസവും കണ്ട്, ആ നാളുകളിൽ അനേകം പേർ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു.

ഈ ലോകത്തിലുള്ള തന്റെ വ്യാപാരം അവസാനിപ്പിച്ച് താൻ ദൈവത്തിങ്കലേക്ക് മടങ്ങിപ്പോകേണ്ടതായി വന്നിരിക്കുന്നുവെന്ന് ബോദ്ധ്യമായ സമയത്ത്, വിശുദ്ധ സഹദ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ തക്കം നോക്കി ഒരു പടയാളി സഹദയുടെ ശിരസ്സ് ഛേദിച്ചു. അങ്ങനെ എ. ഡി. 303 മേടമാസം 23–ാം തീയതി വിശുദ്ധൻ രക്തസാക്ഷി കിരീടം പ്രാപിച്ചതായി സഭ വിശ്വസിക്കുന്നു.



ജെ. എസ്. വി. ബി. എസിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിലിന്റെ നേതൃത്വത്തിൽ പേന വിതരണം ചെയ്യുന്നു.

# പരിശുദ്ധ പത്രോസ് തൃതിയൻ ആധുനിക മലങ്കരസഭയുടെ ശില്പി

## ആബൂൻ

പരിശുദ്ധനായ പത്രോസ് തൃതിയൻ പാത്രിയാർക്കീസ് ബാവാ മലങ്കര സഭയ്ക്ക് അവിസ്മരണീയനാണ്. ഇദ്ദേഹത്തിന്റെ മലങ്കരസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമെങ്കിലും മറ്റു ജീവചരിത്ര വിശദാംശങ്ങൾ ലഭ്യമല്ല.

പ. പത്രോസ് തൃതിയൻ ബാവായുടെ ബാല്യകാലം മോർ ഹനനീയോയുടെ ദയറായിൽ (അഥവാ സഫറാന് ദയറ, ടർക്കി) ചെലവഴിച്ചു. വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി, കശീശയായി. പത്രോസ് കശീശായെ 1846-ൽ പരിശുദ്ധ ഏലിയാസ് രണ്ടാമൻ ബാവാ സിറിയയുടെ മെത്രാപ്പോലീത്തയായി വാഴിച്ചു. 1872 ഇടവം 4-ാം തീയതി പെന്തിക്കോസ്തി ദിവസം പത്രോസ് തൃതിയൻ എന്ന പേരിൽ പാത്രിയർക്കീസായി സ്ഥാനമേറ്റു.

പ. പത്രോസ് പാത്രിയർക്കീസ് ബാവാ കൊച്ചി കോട്ടപ്പള്ളിയിൽനിന്നും 1877 മകരം 15-ാം തീയതി എഴുതിയ കല്പ്പനയുടെ പരിഭാഷയിൽ മൂന്നാമത്തെ പത്രോസ് ഇഗ്നാത്തിയോസ് പാത്രിയർക്കീസെന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ മുളന്തുരുത്തി സുന്നഹദോസിനെ പരാമർശിച്ചെഴുതിയിരിക്കുന്നത് പരിശുദ്ധ പാത്രിയർക്കീസ് പത്രോസ് നാലാമൻ എന്നാണ്.

മലങ്കരസഭയിലെ മേല്പ്പട്ടക്കാരെ സംബന്ധിച്ച പ.പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായുടെ 1874 ഫെബ്രുവരി 25-ലെ കല്പനയിലെ പരാമർശം ഈ കാലഘട്ടത്തിലും അന്വർത്ഥമാണ്. നിങ്ങളുടെ മെത്രാപ്പോലീത്തമാർ പട്ടമേല്ക്കുന്ന സമയത്ത് ചെയ്യുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നില്ല. പട്ടമേല്ക്കുന്നതിനുമുമ്പ് വലിയ പരമാർത്ഥികളും വിനീതരുമായി അഭിനയിക്കുന്നു. ഭരണാധികാരത്തിന്റെ വടി പിടിച്ചുപറ്റിയ ശേഷം പ്രശംസയുടെ(നിഗളത്തിന്റെ) അങ്കിയും അണിയുന്നു. എന്തെന്നാൽ ദ്രവ്യാഗ്രഹം അവരുടെ നിരൂപണങ്ങളെ കുരുടാക്കുന്നു...

പ. പത്രോസ് തൃതിയൻ ബാവായുടെ മലങ്കരസഭാ സേവനത്തിൽ എടുത്തുപറയാവുന്ന മൂന്നു പ്രധാനകാര്യങ്ങളുണ്ട്.

1. പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽനിന്നും മലങ്കരയിലെ സുറിയാനി സഭയെ സംരക്ഷിച്ചു.

2. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുകയും, ഭരണക്രമമുണ്ടാക്കുകയും പ. ചാത്തുരുത്തിൽ കൊച്ചുതിരുമേനിയുൾപ്പെടെ 6 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു.

3. വി. മൂറോനില്ലാതെ മാമോദീസ നടത്തുന്നുവെന്നറിഞ്ഞ് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽവച്ച് വി.മൂറോൻ കൂദാശ നടത്തി.

മലങ്കരയിലെ സുറിയാനി സഭാ വിശ്വാസികൾ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നവീകരണശ്രമങ്ങളിൽ അസ്വസ്ഥരായിരുന്നു. നവീകരണക്കാർ വി.കുർബ്ബാന സമയത്ത് മദ്ബഹായിൽ തിരികത്തിക്കുകയോ ധൂപാർപ്പണം നടത്തുകയോ വി. കുർബ്ബാനയുടെ പ്രാരംഭ മാനീസ (നിൻമാതാവു വിശുദ്ധന്മാർ....) ചൊല്ലുകയോ ചെയ്തിരുന്നില്ല. തുബ്ദേനിലെ സഭാപിതാക്കന്മാരുടെ പേരുകൾ സ്മരിക്കുകയോ മരിച്ചു പോയവരെ ഓർക്കുകയോ ചെയ്തിരുന്നില്ല. ദൈവമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ നീക്കം ചെയ്ത് ചെറു പ്രാർത്ഥനാ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽ വിവരിച്ച നവീകരണ നീക്കങ്ങൾ തടയുന്നതിന് പുണ്യശ്ലോകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി പരിശ്രമിച്ചു. പാലക്കുന്നത്ത് തിരുമേനിയുടെ തിരുവെഴുത്തു വിളംബരം അസ്ഥിരപ്പെടുത്താൻ തിരുവിതാംകൂർ ദിവാന് അപേക്ഷകൊടുത്തെങ്കിലും സാധിച്ചില്ല. ഈ പ്രയാസങ്ങൾ പുലിക്കോട്ടിൽ തിരുമേനി പ. പത്രോസ് നാലാമൻ ബാവായെ അറിയിച്ചു. ആ താല്പര്യം പരിഗണിച്ച് 1874 ആഗസ്റ്റ് 14-ാം തീയതി കുസ്തന്തിനോസ് പോലീസിൽനിന്നും സമുദ്രമാർഗ്ഗം യാത്രതിരിച്ചു. യാത്രയിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്തയായി വാഴിച്ച തന്റെ പ്രിയ ശിഷ്യൻ ഗ്രിഗോറിയോസു (മുമ്പ് അബ്ദുൾ സത്തുക്കി റമ്പാച്ചൻ) ഉണ്ടായിരുന്നു. ലണ്ടനിലെത്തിയ പ.ബാവ ഇന്ത്യൻ കാര്യങ്ങളുടെ ചുമതല വഹിക്കുന്ന സാലിസ്ബറി പ്രഭുവിന് നിവേദനം കൊടുക്കുകയും വിക്ടോറിയ രാജ്ഞിയെ സന്ദർശിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഇന്ത്യയിലെ അധികാരികളുടെ പേർക്ക് ഉത്തരവുകൾ പ. ബാവായ്ക്ക് ലഭിച്ചു. ഈ ആവശ്യങ്ങൾക്കായി പ. ബാവാ ഏഴുമാസങ്ങൾ ലണ്ടനിൽ താമസിക്കുകയുണ്ടായി.

പുലിക്കോട്ടിൽ തിരുമേനി, പ. ബാവാ മലങ്കരയിലേക്ക് എഴുന്നള്ളി അനുഗ്രഹിക്കണമെന്നപേക്ഷിച്ചു. ആ താല്പര്യം പരിഗണിച്ച് 1875 മീനമാസം 22-ാം തീയതി ലണ്ടനിൽനിന്ന് ഈജിപ്തുവഴി യാത്ര ചെയ്ത് മെയ് 7-ാം തീയതി ബോംബെയിലെത്തി. 15-ാം തീയതി ബോംബെയിൽനിന്ന് തീവണ്ടിമാർഗ്ഗം നീലഗിരിയിലെത്തി (മദ്രാസ് ഗവർണർ വേനൽക്കാലത്ത് നീലഗിരിയിൽ താമസിച്ചിരുന്നു.) ഗവർണറെ കാണുകയും മൂന്നു ദിവസം ഗവർണറുടെ അതിഥിയായി താമസിക്കുകയും ചെയ്തു. മിഥുനം 26-ാം തീയതി തിരുവനന്തപുരം മഹാരാജാവിനെയും സന്ദർശിക്കുകയും ചെയ്തു.

മേൽവിവരിച്ച സന്ദർശനങ്ങളും രാഷ്ട്രീയ ഇടപെടലുകളും ഫലവത്താകുകയും 1876-ാംമാണ്ട് മീനമാസം 4-ാം തീയതി പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ തിരുവെഴുത്തു വിളംബരം റദ്ദ് ചെയ്യുകയും അതിന്റെ പകർപ്പുകൾ പ. പാത്രീയർക്കീസ് ബാവായ്ക്കു ലഭിക്കുകയും ചെയ്തു. മലങ്കരസഭ 19-ാം നൂറ്റാണ്ടിലെ വേദവിപരീതത്തിൽനിന്നും നവീകരണ കൗശലങ്ങളിൽനിന്നും വിമുക്തയായി.

1876-ാം മാണ്ട് ജൂൺ മാസം 28-ാം തീയതി ചൊവ്വാഴ്ച പ. പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ സുന്നഹദോസ് വിളിച്ചുകൂട്ടി. ഈ സുന്നഹദോസിന്റെ നടപടികളിൽ വന്ദ്യ ഗീവറുഗീസ് റമ്പാൻ(പിന്നീട് ചാത്തുരുത്തി കൊച്ചുതിരുമേനി) പ. ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയുമായി പ്രവർത്തിച്ചു. ഈ സുന്നഹദോസിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസും, പുലിക്കോട്ടിൽ തിരുമേനിയും മലങ്കരയിലെ വൈദികരും പള്ളി പ്രതിനിധികളും സംബന്ധിച്ചു.

മുളന്തുരുത്തി സുന്നഹദോസിന്റെ ഫലമായി മലങ്കരസഭയിൽ ക്രമീകൃതമായ ഭരണം ആരംഭിക്കുകയും, സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി എന്നിവ രൂപീകരിക്കപ്പെടുകയും ചെയ്തു. ഭദ്രാസനവിഭജനം നടത്തിയതനുസരിച്ച് പരിശുദ്ധ ബാവാ 6 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു.

1876 ആഗസ്റ്റ് 15-ാം തീയതി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽവെച്ച് വി. മൂറോൻ കൂദാശ നടത്തിയ പ. ബാവ രണ്ടുവർഷങ്ങൾ മലങ്കരയിൽ താമസിച്ച് സഭാ ഭരണം ക്രമീകരിച്ചതിന്റെ ശേഷം 1877 മെയ് 16-ാം തീയതി ബോംബെയിൽനിന്ന് ഊർശ്ലേമിലേക്ക് കപ്പൽ കയറി. പ. പത്രോസ് തൃതിയൻ ബാവ 1894 ഏപ്രിൽ 21-ാം തീയതി കാലം ചെയ്തു. കുർക്കുമ ദയറായിൽ കബറടക്കപ്പെട്ടു..

മുളന്തുരുത്തി സുന്നഹദോസിൽവച്ച് മലങ്കര മെത്രാപ്പോലീത്തായുടെ ഏകനായകത്വത്തിൽ ആയിരുന്ന സഭയെ ഇടവകകളായി തിരിച്ച് മെത്രാന്മാരെ വാഴിക്കുവാൻ തീരുമാനിച്ചു. യോഗ്യരായവരുടെ പേരുകൾ നിർദ്ദേശിക്കുവാൻ ബാവാ കൽപ്പിച്ചതനുസരിച്ച് പള്ളിപ്രതിപുരുഷന്മാർ പേരുകൾ നിർദ്ദേശിച്ചു. അത് പരിശോധിച്ച് ബാവാ താൻ ഉദ്ദേശിച്ച ഒരു പേരില്ലല്ലോ എന്ന് അഭിപ്രായപ്പെട്ടു. അത് തന്റെ സെക്രട്ടറിയായ ചാത്തുരുത്തി ഗീവർഗീസ് റമ്പാന്റെ ആയിരുന്നു. എന്താണ് അദ്ദേഹത്തിന്റെ പേര് ഇല്ലാത്തത് എന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം തീരെ ചെറുപ്പമാണല്ലോ എന്ന് അവർ അറിയിച്ചു. പ്രായക്കുറവല്ലാതെ എല്ലാക്കാര്യത്തിലും അദ്ദേഹം ഈ പദവിക്ക് സർവ്വഥാ യോഗ്യനാണെന്ന് പ്രതിപുരുഷന്മാർ മോറാനോട് അറിയിച്ചു. മോറാൻ കല്പിച്ചു. ശ്ലീഹന്മാരുടെ കൂട്ടത്തിലെ ചെറിയ യോഹന്നാൻ ആണ് അവൻ. അപ്രകാരം പരുമല തിരുമേനിക്ക് വടക്കൻ പറവൂർ പള്ളിയിൽവെച്ച് മെത്രാൻപട്ടം നല്കി. ഇവിടെ മോറാൻ, ഏകപക്ഷീമായി തീരുമാനമെടുക്കുന്ന ജനഹിതം മാനിച്ചാണ് പെരുമാറിയത്. മോറാന്റെ ഹൃദയ വിശാലത ഇവിടെ വെളിവായി.

കുന്നംകുളത്തുവച്ച് നടത്തിയ സന്ധി സംഭാഷണം പരാജയപ്പെട്ടതിനുശേഷം പാലക്കുന്നത്ത് മാത്യൂസ് മോർ അത്താനാസിയോസ് നിരണത്ത് പള്ളിയിലുണ്ടെന്നറിഞ്ഞ് മോറാൻ അവിടേക്ക് എഴുന്നള്ളി. മോറാന്റെ ആഗമനത്തെക്കുറിച്ച് മുൻ അറിയിപ്പ് ലഭിക്കാതിരുന്നതിനാൽ പാലക്കുന്നത്ത് മെത്രാന് അവിടെനിന്നും രക്ഷപ്പെടുവാൻ സാധിച്ചില്ല. മോറാനെ അഭിമുഖീകരിക്കുവാൻ ഭയമായതിനാൽ മെത്രാൻ പള്ളിമുറിയിൽ കയറി വാതിൽ അടച്ചു. തന്റെ സന്നിധിയിൽ വരുവാൻ ബാവാ കല്പിച്ചുവെങ്കിലും മെത്രാൻ വാതിൽ തുറക്കുവാൻ കൂട്ടാക്കിയില്ല. തന്നെയുമല്ല, ഗവൺമെന്റ് അധികാരികൾ വരാതെ വാതിൽ തുറക്കില്ല എന്ന് ശഠിക്കുകയും ചെയ്തു. പ. സിംഹാസനത്തിന് കീഴ്പ്പെട്ട് സുറിയാനി സഭക്കാരായ മെത്രാന്മാർക്ക് അടുത്ത നടപടികളുമായി ജീവിക്കുവാൻ തയ്യാറാണെങ്കിൽ നമ്മെ അനുസരിക്കൂ അല്ലാത്തപക്ഷം പ.സിംഹാസനത്തിൽനിന്നും പ്രാപിച്ച മെത്രാനടുത്ത എല്ലാ അധികാരങ്ങളും അംശവസ്ത്രങ്ങളും ഉരിഞ്ഞ് പോകുവാൻ കൽപ്പിച്ചു. ഏറെ സമയം കഴിഞ്ഞിട്ടും മെത്രാൻമാർ അനുസരിക്കാൻ കൂട്ടാക്കഞ്ഞതിനാൽ മോറാൻ തിരിച്ചു എഴുന്നള്ളുകയും ചെയ്തു. ഇവിടെ മോറാൻ പാലക്കുന്നത്ത് മെത്രാനെ വീണ്ടും സഭയിൽ ഉൾക്കൊള്ളാൻ തയ്യാറായി സുറിയാനിസഭയുടെ ഉത്തമ ഇടയന്റെ മഹത്വം വെളിപ്പെടുത്തി.

1995-ൽ കാന്റൻബറി ആർച്ച് ബിഷപ്പ് ജോർജ്കാരി കേരളം സന്ദർശിച്ചപ്പോൾ മലയാള മനോരമ നടത്തിയ അഭിമുഖത്തിൽ പരിശുദ്ധ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി. ഓർത്തഡോക്സ് സഭയുമായുള്ള ബന്ധങ്ങൾ എങ്ങനെയാണ്? സി.എം.എസ്. മിഷനറിമാരുടെ കാലത്ത്, കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് പീറ്റർ തൃതിയന്റെ കാന്റൻബറി ആർച്ച് ബിഷപ്പ് ആർച്ചി ബാൾഡ് ടെയറിന്റെ ആതിഥ്യം സ്വീകരിച്ചു രണ്ടു വട്ടം ലണ്ടൻ സന്ദർശിച്ചു. അദ്ദേഹത്തിന്റെ ഛായാചിത്രം ലാംബെത്ത് പാലസിലെ ഡൈനിംഗ് ഹാളിലുണ്ട്. അന്ന് ആർച്ച് ബിഷപ്പ് ടെയ്റ്റ് പാത്രിയർക്കീസിനെ ബ്രിട്ടീഷ് രാജകൊട്ടാരത്തിലേക്ക് കൊണ്ടുപോയി. വിക്ടോറിയ രാജ്ഞി പാത്രിയർക്കീസുമായുള്ള ആ കൂടിക്കാഴ്ചയെക്കുറിച്ച് തന്റെ ഡയറിയിൽ എഴുതി; ഇപ്പോൾ എനിക്കറിയാം പഴയനിമയത്തിലെ ഏബ്രഹാമിന്റെ രൂപം എന്തായിരുന്നുവെന്ന് (മനോരമ 1995 ഫെബ്രുവരി 18)

# മോർ ക്രിസോസ്റ്റമോസ് മോശ സലാമ

വിവേകമുള്ള തന്റെ ആട്ടിൻ കൂട്ടത്തെ, ദൈവവചനത്തിന്റെ കതിരുകളാൽ പ്രകാശിപ്പിച്ച് ശ്രേഷ്ഠമായ തന്റെ മുന്തിരിതോട്ടത്തിലെ ഉത്തമ വേലക്കാരനായി സ്തുതിചൊവ്വാക്കപ്പെട്ട സത്യവിശ്വാസത്തിന്റെ ഉറവയിൽനിന്നും സമൃദ്ധിയായി കുടിപ്പിച്ച തന്റെ ഏകജാതനായ യേശുക്രിസ്തുവിന്റെ രക്തത്താൽ സമ്പാദിച്ച സഭയെ ഉത്സാഹത്തോടെ നില നിർത്തി ഉറപ്പിച്ച ശ്രേഷ്ഠ മഹാപുരോഹിതനാണ് മാർ ക്രിസോസ്റ്റമോസ് മോശാ സലാമ. പശ്ചിമേഷ്യയിൽ നിന്നും മലങ്കരയിൽ എത്തി മഞ്ഞിനിക്കര ദയറായിൽ താമസിച്ച് പഠിപ്പിക്കുകയും മലയാളം പഠിച്ച് മലയാളത്തിൽ വിശുദ്ധ കുർബാന, പ്രസംഗങ്ങൾ, ലേഖനങ്ങൾ, പുസ്തകങ്ങൾ എന്നിവ രചിക്കുയയും ചെയ്ത ഒരു പ്രതിഭാധനനാണ് മോർ ക്രിസോസ്റ്റമോസ്, എന്ന പേരിൽ ബ്രസീലിൽ ആർച്ച് ബിഷപ്പായി പിന്നീട് വാഴിക്കപ്പെട്ട മോശ സലാമ റമ്പാൻ. ജീവജലം, ഭാഗ്യനിക്ഷേപം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

ജീവജലം എന്ന പുസ്തകം ഈ അടുത്തകാലത്ത് മോർ ആദായീ സ്റ്റഡിസെന്റർ നാലുന്നാക്കൽ പുനപ്രകാശനം ചെയ് തു. ഇതിന്റെ കൈയ്യെഴുത്തുപ്രതി കോതമംഗലം കോളേജിലെ റിട്ട. പ്രൊഫസർ പരേതനായ റവ. ഫാദർ ജയിക്കബ് പാറയിൽ അച്ചന്റെ കൈവശം ഉണ്ടായിരുന്നു.

വിദേശത്ത്നിന്ന് കേരളത്തിൽവന്ന് മലയാളഭാഷ പഠിച്ച അനേകം സുറിയാനി സഭാ പിതാക്കന്മാരുണ്ട് എന്നാൽ മലയാളത്തിൽ പുസ്തകങ്ങൾ രചിച്ചത് സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായും അബ്ദുൾ ആഹാബ് റമ്പാനും (പരി. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ) മാത്രമാണ്. ഇവർ രണ്ടുപേരും മലയാളികളായ തങ്ങളുടെ ശിഷ്യന്മാരുടെ സഹായത്താലാണ് ഗ്രന്ഥ രചന നിർവ്വഹിച്ചത്. എന്നാൽ പൂർണ്ണമായും സ്വന്തമായി പുസ്തക രചന നടത്തിയത് മോശ സലാമ റമ്പാൻ മാത്രമാണ്. പൗരോഹിത്യ ജീവിതത്തിന്റെ ഉത്തമ മാതൃകായായിരുന്നു അഭിവന്ദ്യ പിതാവ്. ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ താമസിക്കുമ്പോൾ തന്റെ പഴയ കറുത്ത കുപ്പായം തുന്നിത്തയ്യിക്കുന്ന റമ്പാനോട് ഇതെന്തിനാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ചോദിച്ച ശെമ്മാശനോട് എന്റെ ആവശ്യത്തിന് ഇതുമതി എന്നു പറഞ്ഞ് തന്റെ ജീവതത്തിൽ ഒരു പരാതിയും ആരോ ടും പറയാതെ ലഭ്യമായ ജീവിത സാഹചര്യങ്ങളോട് ഇണങ്ങി ദൈവ ശുശ്രൂഷ നിർവ്വഹിച്ച ശ്രേഷ്ഠാചാര്യനാണ് അഭിവന്ദ്യ പിതാവ്. പരിശുദ്ധ സിംഹാസനം അദ്ദേഹത്തെ ബ്രസീലിലേക്ക് അയച്ചപ്പോൾ അവിടെ പ്രാദേശിക ഭാഷ പഠിച്ച് പ്രഭാഷണം നടത്തുകയും അനേകരെ ക്രിസ്തു ശിഷ്യരാക്കുകയും സുറിയാനി സഭയെ സമ്പന്നമാക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് കാലം ചെയ്യുമ്പോൾ ബ്രസീലിൽ സുറിയാനി സഭ യ്ക്ക് 60–ലേറെ ദൈവാലയങ്ങൾ ഉണ്ടായി. 1996 ഏപ്രിൽ 18–ാം തീയതി തന്റെ ഈ ലോകത്തിലെ ശുശ്രൂഷകൾ വിശ്വസ്തതയോടെ നിർവ്വഹിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി.

# പെന്തക്കോസ്തി പെരുന്നാൾ

പെന്തക്കോസ്തി പെരുന്നാൾ നീസാൻ മാസം 16–ാം തീയതിക്കുശേഷം 50–ാം ദിവസം എബ്രായർ ആചരിച്ചുകൊണ്ടിരുന്നു. (ലേവ്യാപുസ്തകം 23–ന്റെ 15 മുതൽ 21 വരെ)

അത് സീനായി പർവ്വതത്തിൽനിന്നുള്ള ന്യായപ്രമാണം ലബ്ധിയുടെ കൊയ്ത്തിന്റെയും വിളവുകളുടെയും ഓർമ്മയാണ്. ആഴ്ചയിലൊരിക്കലും ഏഴുവർഷത്തിലൊരിക്കലും അമ്പതുവർഷത്തിലൊരിക്കലും ഇത് ആഘോഷിക്കപ്പെട്ടിരുന്നു. ഇതേ രീതിയിൽ പുതിയ നിയമം ആവർത്തിക്കുവാൻ ദൈവത്തിന് ഇഷ്ടം തോന്നി സീനായ് പർവ്വതത്തിൽ സംഭവിച്ചതുപോലെ മേഘങ്ങളോടും പുകയോടും കൂടെയല്ല പിന്നെയോ അഗ്നിനാവുകളുടെ രൂപത്തിലാണ് പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടത്. യഹൂദ ജാതിയുടെയും ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നുള്ള തീർത്ഥാടകരുടെയും സാന്നിദ്ധ്യത്തിൽ ഇത് സംഭവിച്ചു. തുടർച്ചയായ പ്രാർത്ഥനകളും തീഷ്ണമായ കാത്തിരിപ്പും ജാഗരണംകൊണ്ടു നിറഞ്ഞതുമായ പത്താം ദിവസത്തിൽ ഇതു സംഭവിച്ചു. ബാബേലിൽ വെച്ച് മനുഷ്യന്റെ ഭാഷ തിന്മക്കായി വിഭിന്നമായതുപോലെ ഈ അവസരത്തിൽ മനുഷ്യഭാഷകളും മനുഷ്യചിന്തനങ്ങളും നന്മക്കായി യോജിക്കുകയും ദൈവകൃപയെ തിരിച്ചറിയുകയും ചെയ്തു. ഇത് സംഭവിച്ചത് യേരുശലേമിലെ സുറിയാനി സഭയുടെ ആസ്ഥാനമായ മർക്കോസിന്റെ ദയറാ എന്ന പേരിൽ അറിയപ്പെടുന്ന സെഹിയോൻ മാളികയിലാണ്. വിശുദ്ധ ദൈവമാതാവും ശ്ലീഹന്മാരും അവിടെ സന്നിഹിതരായിരുന്നു. അവരുടെ ഇടയിൽനിന്നുള്ള യജമാനന്റെ വേർപാടിനെക്കുറിച്ചുള്ള സങ്കടത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആ കൂട്ടത്തിന്മേൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പിളർന്ന അഗ്നിനാവിന്റെ രൂപത്തിൽ ഇറങ്ങിവരികയും യേശു ക്രിസ്തുവിന്റെ വാഗ്ദത്തം നിറവേറ്റപ്പെടുകയും ചെയ്തു. ഈ ദിവസം സഭ പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കുകയും പുതുക്കുകയും അനുതാപത്തിലേക്ക് വഴിനടത്തപ്പെടുകയും ചെയ്യുന്നു. ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ ഒറ്റ പ്രസംഗത്താൽ മൂവായിരം പേർ സഭാംഗങ്ങളായി തീർന്നു. ഈ ദിനം സഭയുടെ ഉദ്ഘാടനത്തിന്റെ ദിനമായി പിതാക്കന്മാർ പഠിപ്പിക്കുന്നു. നിഖ്യായിലും കുസ്തന്തീനോപ്പോലീസിലും എഫെസോസിലും വച്ചുകൂടിയ സാർവ്വത്രിക സുന്നഹദോസുകളിലെ സത്യവിശ്വാസം ഉറപ്പിക്കുന്ന പ്രാർത്ഥനകളാണ് പെന്തക്കോസ്തി പെരുന്നാളിൽ പിതാക്കന്മാർ ക്രമീകരിച്ചിട്ടുള്ളത്. കർത്താവായ യേശു മിശിഹാ ദൈവവും പിതാവിനോടു സമനുമാണെന്ന് ശ്ലീഹന്മാർ. അപ്പോസ്തോല പ്രവർത്തി 1:26. പരിശുദ്ധാത്മാവാം ദൈവം പിതാവിനോടും പുത്രനോടും കൂടി ദൈവമാണെന്ന് അവർ മനസ്സിലാക്കുന്നു. അപ്പോ. പ്രവർത്തി 2:33. ദൈവം ത്രിയേകനാണെന്ന് ദൃഢമായി വിശ്വസിക്കുന്നു. മത്തായി 28:19

### ആത്മവ്യാപാരം

പരിശുദ്ധാത്മാവാം ദൈവം, കർത്താവായ യേശുമ്ശിഹായുടെ രക്ഷാകരമായ മനുഷ്യാവതാരം നിമിത്തം മനുഷ്യവർഗ്ഗത്തിന്റെ മേൽ ചൊരിയപ്പെട്ടതായ സകല ആത്മീയ നൽവരങ്ങളുടെയും ദാനങ്ങളുടെയും മൂലമാകുന്നു. (റോമർ 12) (1കൊരി.12–ഉം 13–ഉം അദ്ധ്യായം). പരിശുദ്ധാത്മാവ് ക്രിസ്തുവിൽനിന്ന് എടുക്കപ്പെടുന്നു. (യോഹ. 16:1–45). വിശുദ്ധാത്മാവാം ദൈവം വിശ്വാസത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. (1 കൊരി. 12:3). സകല രഹസ്യങ്ങളെയും ശുദ്ധീകരിക്കുന്നു (ലൂക്കോ. 1:35, യോഹ. 1:20 –23, 1 യോ. 2:20, 21–27 എബ്രാ. 10:14). പാപങ്ങളെ മോചിപ്പിക്കുന്നു. (1കൊരി. 1:30, 6–11) (തീത്തോ. 3:5–6). പാപത്തെ കുറ്റപ്പെടുത്തുകയും സത്യത്തിലേക്കും അനുതാപത്തിലേക്കും മനുഷ്യരെ നയിക്കുകയും ചെയ്യുന്നു. (1 യോഹ. 16:8,13) പ്രവാചകന്മാരെ പട്ടക്കാരെയും സകല ആത്മീയ പ്രയോക്താക്കളെയും അയയ്ക്കുകയും അവൻ മുഖാന്തിരം ജനത്തോട് സംസാരിക്കുകയും ചെയ്യുന്നു. (അപ്പോ. പ്ര. 13:1–6).

## രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു

കുഞ്ഞുനാളങ്ങൾ എന്ന ബാലപംക്തിയിലേയ്ക്ക് ചെറുകഥ, കവിത, ചിത്രങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകളും എത്തിച്ച്തരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

ഉപകാരസ്മരണ, ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമവാർഷികം, സണ്ടേസ്കൂൾ വാർഷികം, പ്രാർത്ഥനായോഗ വാർഷികം കുടുംബയോഗം തുടങ്ങിയ വിശേഷങ്ങളുടെ പരസ്യങ്ങൾ വളരെ കുറഞ്ഞ നിരക്കിൽ പ്രസിദ്ധീകരിക്കുവന്നതാണ്. യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: 9496801251, എഡിറ്റർ: 9446073942.

# യറുശലേമിലെ മാർ മർക്കോസിന്റെ ദയറാ

1. വി. മർക്കോസ്: മർക്കോസ് എന്നു വിളിക്കപ്പെടുന്ന യൂഹാനോൻ സുവിശേഷപ്രചരണത്തിൽ ശ്ലീഹന്മാരെ സഹായിച്ച ആളാണ്. അന്ത്യോഖ്യാ, സെലൂക്യാ, സൈപ്രസ് എന്നീ സ്ഥലങ്ങളിൽ പൗലൂസ്, ബർന്നബാസ് എന്നിവരൊത്തു വേല ചെയ്തു. കോലോ 4:10–ൽ വി. പൗലൂസ് ഇദ്ദേഹത്തെ പുകഴ്ത്തുന്നുണ്ട്. മർക്കോസിന്റെ മാതാവായ മറിയാം ബർബന്നബായുടെ സഹോദരിയത്രെ. മർക്കോസ് (സുവിശേഷകൻ) ഇദ്ദേഹമാണെന്നും, അല്ലെന്നും രണ്ടഭിപ്രായമുണ്ട്.

**ഇവിടെ നടന്ന സംഭവങ്ങൾ**

1. കർത്താവ് ശിഷ്യന്മാരുമൊത്ത് പെസഹാ ഭക്ഷിച്ചു. 2. വി. കുർബ്ബാന സ്ഥാപിച്ചു. 3. ശിഷ്യന്മാരുടെ കാലുകൾ കഴുകി. 4. ഉയർപ്പിനുശേഷം ശ്ലീഹന്മാർക്കു പ്രത്യക്ഷനായി പൗരോഹിത്യം നൽകി. 5. 2–ാം പ്രാവശ്യവും അവിടെവെച്ചു കാണപ്പെട്ടു. 6. ശ്ലീഹന്മാരും വിശ്വാസികളും ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 7. ശെമ്മാശന്മാരുടെ തിരഞ്ഞെടുപ്പ്– 8. ക്രൈസ്തവസഭയിലെ ആദ്യത്തെ പട്ടംകൊട, 9. കാരാഗൃഹത്തിൽനിന്നും മാലാഖ രക്ഷപ്പെടുത്തിയ വി. പത്രോസ് തനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നവരുടെ മദ്ധ്യത്തിലേക്ക് വന്നു കയറി. 10. ശ്ലീഹന്മാർ ആദ്യമായി മദൂറോൻ കൂദാശ നടത്തി. 11. ക്രൈസ്തവ സഭയിലെ 1–ാമത്തെ പള്ളിയാക്കി. 12. ക്രൈസ്തവസഭയിൽ 1–ാമത്തെ വി. കുർബ്ബാന നമ്മുടെ കർത്താവിന്റെ സഹോദരൻ വി. യാക്കൂബ് സുറിയാനി ഭാഷയിൽ അർപ്പിച്ചു. 13. വി. ദൈവമാതാവിന്റെ മാമ്മൂദീസാ നടന്നു. 14. ക്രൈസ്തവസഭയിലെ യെരുശലേമിലെ 1–ാമത്തെയും 2–ാമത്തെയും 3–ാമത്തെയും സുന്നഹദോസുകൾ ശ്ലീഹന്മാർ ഇവിടെ കൂടി. 15. ഊർശ്ലേം എപ്പിസ്കോപ്പായും ശ്ലീഹായും സഹദായുമായ വി. യാക്കോബിന്റെയും തുടർന്നുവന്ന എപ്പിസ്കോപ്പന്മാരുടെയും ആസ്ഥാനം. 16. വി. യാക്കോബിന്റെ പിതൃസഹോദരനായ ക്ലേയോപ്പായുടെ പുത്രൻ ശെമഒൻ അവിടെ എപ്പിസ്കോപ്പായായിരിക്കുമ്പോൾ ക്രി. 68–70 നടന്ന റോമൻ ആക്രമണ കാലത്ത് അദ്ദേഹവും വിശ്വാസികളും പെല്ലായിൽ മാറി താമസിച്ചെങ്കിലും യുദ്ധാനന്തരം വീണ്ടും വന്നു പാർത്തു. 17. 6–ാം നൂറ്റാണ്ട്, 1009, 1728, 1891, 1833, 1857, 1940 കാലങ്ങളിൽ അറ്റകുറ്റങ്ങൾ തീർത്തിട്ടുണ്ട്.

**ഇവിടുത്തെ പുരാതനവസ്തുക്കൾ**

1. 1940–ൽ കാണപ്പെട്ട അതിപുരാതന ശിലാലിഖിതം. (മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. 2. സുവിശേഷകനായ വി. ലൂക്കോസിനാൽ വരയ്ക്കപ്പെട്ട വി. ദൈമാതാവിന്റെ ചിത്രം. 3. കാൽവറിയിൽ നാട്ടപ്പെട്ട കുരിശിന്റെ ഒരംശം. 4. പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന പേടകം. 5. അതിപുരാതനമായ മാമ്മൂദീസാതൊട്ടി. 6. 7–15 നൂറ്റാണ്ടുകൾക്കിടയിൽ എഴുതപ്പെട്ട സുറിയാനി പുതിയനിയമത്തിന്റെ 15 പ്രതികൾ. ക്രി. 1222–ൽ എഴുതിയ സുവിശേഷങ്ങളിൽ കർത്താവിന്റെ അന്ത്യഅത്താഴം, അറിയിപ്പ്, ഉയർപ്പ്, സ്വർഗ്ഗാരോഹണം, വി. മാതാവ്, ശ്ലീഹന്മാർ മുതലായവരുടെ ക്രൂശാരോഹണം മോശയും ഏലിയായും കർത്താവിനോടുകൂടെ മുതലായ ചിത്രങ്ങൾ വരച്ചിട്ടുണ്ട്. എബ്രായ പുസ്തകങ്ങളും വളരെയധികമുണ്ട്.

കടപ്പാട്: സുറിയാനിസഭ ചരിത്രവും വിശ്വാസങ്ങളും

## അഭി. ഡോ. ഗീവർഗീസ് മോർ കൂറിലോസ്
### ഡബ്ല്യൂ. സി.സി. സാമ്പത്തികകാര്യ ഉപദേശക സമിതിയിൽ



ജനീവ: യാക്കോബായ സഭ നിരണം, യു. കെ. ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായും പ്രഗത്ഭ വേദപണ്ഡിതനുമായ ഡോ. ഗീവർഗീസ് മോർ കൂറിലോസിനെ സഭകളുടെ അഖില ലോക കൗൺസിലിന്റെ സാമ്പത്തിക കാര്യ ഉപദേശീക സമിതിയിലേക്ക് കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാമുവൽ കോബിയ നാമനിർദ്ദേശം ചെയ്തു.

ലോകം അഭിമുഖീകരിക്കുന്ന സമകാലിക ആഗോള സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് വിശദമായി പഠിക്കുവാനും നീതിയുടെ അടിത്തറിയിലുള്ള ബദൽ സാമ്പത്തിക ക്രമങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ക്രൈസ്തവ ധാർമ്മികതയിലൂന്നിയ സാമ്പത്തിക കാഴ്ചപ്പാടുകളെക്കുറിച്ച് സഭകളെ ബോധവൽക്കരിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഉപദേശകസമിതി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സഭകളിലുമുള്ള പതിനാല് ദൈവശാസ്ത്രജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും അടങ്ങിയതാണ് ഉപദേശകസമിതി. ഡബ്ല്യൂ. സി. സി. യുടെ മിഷൻ ആൻഡ് ഇവാഞ്ചലിസം കമ്മീഷന്റെ മോഡറേറ്റർകൂടിയാണ് ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത.

## പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് മെയ് 25, 26, 27 തീയതികളിൽ

യാക്കോബായ സഭയുടെ പ്രാദേശിക പ. എപ്പിസ്കോപ്പൽ സുന്നഹദോസ് മെയ് 25, 26, 27 തീയതികളിൽ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ നടത്തപ്പെടും. പരി. സഭയുടെ വാർഷീക സുന്നഹദോസും മെത്രാപ്പോലീത്തന്മാരുടെ ധ്യാനവും വരുന്നതുകൊണ്ട് മേൽപറഞ്ഞ തീയതികളിൽ മെത്രാപ്പോലീത്തന്മാരെ സന്ദർശിക്കുന്നത് അനുവദിക്കുന്നതല്ല. മെത്രാപ്പോലീത്തന്മാർ പങ്കെടുക്കുന്ന പരിപാടികൾ ഈ തീയതികളിൽ ക്രമീകരിക്കുവാൻ പാടില്ലാത്തതുമാകുന്നു എന്ന് ശ്രേഷ്ഠ ബാവ അറിയിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിമാരുടെ ധ്യാനം നടക്കുന്ന സമയത്ത് അഖില മലങ്കര വൈദീകയോഗം പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ചേരുന്നതാണ്. പരി. സഭയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ വൈദീകർക്കും വേണ്ടി ആരംഭിച്ചിരിക്കുന്ന ഇൻഷുറൻസ് പദ്ധതിയുടെ ആവശ്യത്തിലേക്ക് ബഹു. വൈദീകർ തങ്ങളുടെ മേൽവിലാസവും പൂർണ്ണവിവരങ്ങളും അറിയിക്കണമെന്ന് ശ്രേഷ്ഠബാവാ ആവശ്യപ്പെട്ടു.

കടപ്പാട്: വിശ്വാസസംരക്ഷകൻ







Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam